**73694/2022/FC DES**

സ.ഉ.(സാധാ) നം.297/2022/P&EA

"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

<u>സംഗ്രഹം</u>

ആസൂത്രണ സാമ്പത്തികകാര്യ വകുപ്പ് - സാമ്പത്തിക സ്ഥിതിവിവരകണക്ക് വകുപ്പിന് വേണ്ടി പുതിയ സോഫ്റ്റ്‌വെയർ ആപ്ലിക്കേഷൻ വികസിപ്പിക്കുന്നതിന് കൺസൾട്ടൻസിയായി കേരള ഡിജിറ്റൽ സർവ്വകലാശാലയെ ചുമതലപ്പെടുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ആസൂത്രണ സാമ്പത്തികകാര്യ (ബി) വകുപ്പ്**

സ.ഉ.(സാധാ) നം.297/2022/P&EA തീയതി,തിരുവനന്തപുരം, 30-07-2022

---

പരാമർശം:- 1. 4.5.2022 തിയതിയിൽ ചേർന്ന ഡെസ് ക്കാസ് ആപ്ലിക്കേഷന്റെ തുടർ പ്രവർത്തനങ്ങൾ സംബന്ധിച്ച യോഗത്തിന്റെ മിനിട്സ്.

2. സാമ്പത്തിക സ്ഥിതിവിവര കണക്ക് വകുപ്പ് ഡയറക്ടറുടെ 13/6/2022ലെ DES/2039/2022-COMP3നമ്പർ കത്ത്

<u>ഉത്തരവ്</u>

സാമ്പത്തിക സ്ഥിതിവിവര കണക്ക് വകുപ്പിന്റെ വിവിധ ഡാറ്റകൾ തയ്യാറാക്കുന്ന DESCAS സോഫ്റ്റ്‌വെയറിനു പകരമായി നൂതന സാങ്കേതിക വിദ്യയിൽ പുതിയ സോഫ്റ്റ്‌വെയർ ആപ്ലിക്കേഷൻ വികസിപ്പിക്കുന്നതിന് നേതൃത്വം നൽകുന്നതിന് കൺസൾട്ടൻസിയായി കേരള ഡിജിറ്റൽ സർവ്വകലാശാലയെ ചുമതലപ്പെടുത്തുന്നതിന് ആസൂത്രണ സാമ്പത്തികകാര്യ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ നേതൃത്വത്തിൽ 04.05.2022 ന് കൂടിയ യോഗത്തിൽ പരാമർശം (1) ലെ യോഗനടപടിക്കുറിപ്പ് പ്രകാരം തീരുമാനമെടുക്കുകയുണ്ടായി. പ്രസ്തുത തീരുമാനപ്രകാരം സാമ്പത്തിക സ്ഥിതിവിവരകണക്ക് വകുപ്പിനായി നൂതന സംവിധാനത്തിലുള്ള ആപ്ലിക്കേഷൻ വികസിപ്പിക്കുന്നതിന് കൺസൾട്ടൻസിയായി കേരള ഡിജിറ്റൽ സർവ്വകലാശാലയെ ചുമതലപ്പെടുത്തി ഉത്തരവ് നൽകണമെന്ന് പരാമർശം (2) കത്ത് പ്രകാരം സാമ്പത്തിക സ്ഥിതിവിവര കണക്ക് വകുപ്പ് ഡയറക്ടർ അഭ്യർത്ഥിച്ചിട്ടുണ്ട്.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. സാമ്പത്തിക സ്ഥിതിവിവരകണക്ക് വകുപ്പിന്റെ വിവിധ വിവരങ്ങളുടെ ശേഖരണത്തിനായുള്ള DESCAS ആപ്ലിക്കേഷന് പകരമായി നൂതന സാങ്കേതിക വിദ്യയിൽ പുതിയ സോഫ്റ്റ്‌വെയർ ആപ്ലിക്കേഷൻ വികസിപ്പിക്കുന്നതിന് കൺസൾട്ടൻസിയായി കേരള ഡിജിറ്റൽ സർവ്വകലാശാലയെ ചുമതലപ്പെടുത്തി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
MANJU M S
അണ്ടർ സെക്രട്ടറി

1. ഡയറക്ടർ, സാമ്പത്തിക സ്ഥിതിവിവര കണക്ക് വകുപ്പ്, തിരുവനന്തപുരം.
2. രജിസ്ട്രാർ, കേരള ഡിജിറ്റൽ സർവ്വകലാശാല, ടെക്നോളജി ക്യാമ്പസ് , മംഗലാപുരം ,

തോന്നക്കൽ പി ഓ, തിരുവനന്തപുരം-695317

3. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ ( ആഡിറ്റ് /എ&ഇ ) കേരള, തിരുവനന്തപുരം.
4. ജില്ലാ ട്രഷറി ഓഫീസർ ,തിരുവനന്തപുരം .
5. ഇൻഫർമേഷൻ & പബ്ലിക് റിലേഷൻ വകുപ്പ് (വെബ് & ന്യൂ മീഡിയ ഡിവിഷൻ )
6. സ്റ്റോക്ക് ഫയൽ /ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
Signed by Manoj K S
Date: 30-07-2022 15:12:48
സെക്ഷൻ ഓഫീസർ